## പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## മുപ്പത്തിനാലാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പാലക്കാട് ജില്ലാ സന്ദർശനം സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**മുപ്പത്തിനാലാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ പാലക്കാട് ജില്ലാ സന്ദർശനം സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

7/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 16.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ നാലാമത് റിപ്പോർട്ട്, 2013 ഏപ്രിൽ മാസം 1-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു. പാലക്കാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന്റെ ഭാഗമായി സമിതി പ്രസ്തുത ജില്ല സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് ഉതകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 22 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും തുടർനടപടി സ്വീകരിക്കുന്നതിനും അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി, റിപ്പോർട്ടിന്റെ പകർപ്പുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം, ഊർജ്ജം, ഉന്നതവിദ്യാഭ്യാസം, വനം-വന്യജീവി, ഭക്ഷ്യവും പൊതുവിതരണവും എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശയിന്മേൽ പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 13-9-2014, 21-1-2015, 12-8-2015, 15-9-2015, 7-10-2015, 12-11-2015, 25-11-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം, വനം-വന്യജീവി, ഊർജ്ജം, ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, ഭക്ഷ്യവും പൊതുവിതരണവും എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാരിൽനിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 7)

കാസർഗോഡ് ജില്ലയിലെ റിമോട്ട് ഏരിയയിൽ 20,000 രൂപ അധികം നൽകി ഡോക്ടർമാരെ നിയമിച്ച രീതിയിൽ പാലക്കാട് ജില്ലയിലെ ഉൾനാടൻ മേഖലയിലും 20,000 രൂപ അധികം നൽകി ഡോക്ടർമാരെ നിയോഗിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-5-2015-ലെ 15338/ഡി1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഡോക്ടർമാരുടെ നിയമനം നടത്തുന്നത് ആരോഗ്യ വകുപ്പ് മുഖേനയാണ്. ആയതിനാൽ, ടി ശിപാർശയിന്മേൽ നടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

(9-9-2015-ലെ 17921/എ 3/2014/എച്ച്. & എഫ്.ഡബ്ല്യു.ഡി.II നമ്പർ കത്ത് മുഖേന ലഭിച്ചത്)

അട്ടപ്പാടി ആദിവാസി മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് ഡിഫിക്കൽറ്റ് ഏരിയ അലവൻസ് ആയി പ്രതിമാസം 20,000 രൂപയും മറ്റ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% സ്പെഷ്യൽ അലവൻസും അനുവദിച്ച് 10-6-2013-ന് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 222/2013/ആകുവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, സാമൂഹികാരോഗ്യ കേന്ദ്രം ഷോളയൂർ, പ്രാഥമികാരോഗ്യ കേന്ദ്രം പുതൂർ, പ്രാഥമികാരോഗ്യ കേന്ദ്രം ഷോളയൂർ, പ്രാഥമികാരോഗ്യ കേന്ദ്രം ആനക്കട്ടി എന്നീ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും ഇപ്രകാരം സ്പെഷ്യൽ അലവൻസ് 21-2-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 576/14/ആകുവ. പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി അലവൻസ് അട്ടപ്പാടിയിലെ മൊബൈൽ മെഡിക്കൽ യൂണിറ്റിൽ സേവനമനുഷ്ഠിക്കുന്നവർക്കുംകൂടി അനുവദിച്ച് (എംഎസ്.) നമ്പർ 8/15/ആകുവ. തീയതി 12-1-2015 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി അലവൻസിന് 1-4-2013 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(15-9-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 8)

പത്താം ക്ലാസ്സ് പഠനത്തിനുശേഷം കോളനികളിൽ തിരിച്ചെത്തുന്ന കുട്ടികളെ ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ കണ്ടെത്തി അവർക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15355/ഇ 1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്താംതരം പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, മറ്റ് ഹയർ സെക്കണ്ടറി സ്ഥാപനങ്ങൾ എന്നിവയിൽ ചേർത്തുപഠിപ്പിക്കുന്നതിനും അഡ്മിഷൻ ഉറപ്പാക്കുന്നതിനും അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിനുമുള്ള കാര്യങ്ങൾ നടപ്പാക്കിവരുന്നു.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 9)

വനത്തിനുള്ളിലെ കോളനികൾ വളരെ അകലെയായതിനാൽ ഭവനനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ പണിസ്ഥലത്തെത്തിക്കുന്നതിന് കൂടുതൽ തുക ചെലവാകുന്നുവെന്ന് മനസ്സിലാക്കിയ സമിതി ഭവനനിർമ്മാണത്തിന് വനത്തിനുള്ളിലെ കോളനികൾക്ക് അനുവദിക്കുന്ന തുക ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15355/ഇ 1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമിതിയുടെ ശിപാർശകൂടി പരിഗണിച്ച് പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ ഗ്രാന്റ് 2.50 ലക്ഷം രൂപയിൽനിന്നും 1-4-2015 മുതൽ 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 11)

കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ക്വാർട്ടേഴ്സിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-5-2015-ലെ 15338/ഡി1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 13)

ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി ആർ.ഡി.ഒ.യുടെ അദ്ധ്യക്ഷതയിൽ പറമ്പിക്കുളത്ത് സിറ്റിംഗ് നടത്തി കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പറമ്പിക്കുളത്ത് ജനിക്കുന്ന കുട്ടികളുടെ രേഖ പഞ്ചായത്തിൽ സൂക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(18-12-2013-ലെ 31518/ആർഡി3/2013/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമിതിയുടെ 5-ാമത്തെ ശിപാർശയിന്മേൽ താമസിച്ചുള്ള ജനനം രജിസ്റ്റർ ചെയ്യുന്നതിന് അനുവാദത്തിനായി രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള കേസുകളിൽ (ആർ.ഡി.ഒ. ഓഫീസിൽ പെന്റിംഗ് ഉള്ള കേസുകളിൽ) എത്രയുംവേഗം നടപടികൾ പൂർത്തിയാക്കി ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ പറമ്പിക്കുളത്ത് സിറ്റിംഗ് നടത്തി പ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകി. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളത്ത് വ്യാപകമായ പ്രചാരണം നടത്തിയശേഷം സിറ്റിംഗ് നടത്തുന്നതാണെന്നും ഈ മേഖലയിലെ ജനന/മരണ കേസുകളൊന്നും നിലവിലില്ലെന്നും പാലക്കാട് സബ്ഡിവിഷണൽ മജിസ്ട്രേറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ, ചീഫ് ജനന-മരണ രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം പറമ്പിക്കുളത്ത് ജനിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്ന കുട്ടികളുടെ ജനനസംബന്ധമായ രേഖകൾ മുതലമട പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെന്നും ജനന സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകിവരുന്നുണ്ടെന്നും ജനന-മരണങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടത് സംബന്ധിച്ച് 25-8-2013-ന് പറമ്പിക്കുളം ടൈഗർ ഹാളിൽ നടന്ന ഗ്രാമസഭയിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ടെന്നും മുതലമട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(13-9-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 14)

പറമ്പിക്കുളത്ത് ട്രൈബൽ ഓഫീസറെ നിയമിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-5-2015-ലെ 15338/ഡി1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പറമ്പിക്കുളം അടക്കം ചിറ്റൂർ, ആലത്തൂർ താലൂക്കുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങളുടെ നിർവ്വഹണത്തിന് ചിറ്റൂർ ആസ്ഥാനമായി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 15)

മുപ്പതേക്കർ കോളനിയിൽ കുടിവെള്ള സൗകര്യത്തോടുകൂടിയ ഭവനം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(1-10-2015-ലെ 15355/ഇ 1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പാലക്കാട് ജില്ലയിൽ പറമ്പിക്കുളം മേഖലയിലെ മുപ്പതേക്കർ കോളനിയിൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിപ്രകാരം 45 വീടുകൾ നിർമ്മിക്കുന്നതിന് വീട് ഒന്നിന് 2.50 ലക്ഷം രൂപ പ്രകാരം നിർമ്മാണ ചുമതല വനം വകുപ്പിനെ ഏൽപ്പിക്കുകയും നിർമ്മാണം പുരോഗതിയിലുമാണ്. ടി കോളനിയിൽ കുടിവെള്ളസൗകര്യം ഏർപ്പെടുത്തുന്നതിന് 10 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പദ്ധതിയിൽ ഉൾപ്പെടുത്തി മുതലമട ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടില്ല.

(12-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 15)

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ് നിർമ്മിക്കുമ്പോൾ കോളനികളിൽ നിന്നും ആരംഭിച്ച് ഏറ്റവും അടുത്ത പ്രധാന റോഡിൽ എത്തിച്ചേരുംവിധം പണിയണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(4-7-2014-ലെ 5565/ഡി1/2013/വനം നമ്പർ കത്ത് മുഖേന ലഭിച്ചത്)

പറമ്പിക്കുളം വൈൽഡ്ലൈഫ് ഡിവിഷന്റെ പരിധിയിൽ 6 പട്ടികവർഗ്ഗ കോളനികളാണുള്ളത്. പ്രസ്തുത കോളനികളിലെല്ലാംതന്നെ മെറ്റൽ ചെയ്ത റോഡുകൾ ഉള്ളതും, ഇവയെല്ലാംതന്നെ കോളനികളിൽ നിന്നും ആരംഭിച്ച് ഏറ്റവും അടുത്ത പ്രധാന റോഡുകളിൽ എത്തിച്ചേരുന്നവയുമാണ്.

(13-9-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടികൾ

(i) (11-8-2015-ലെ 15355/ഇ 1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമിതിയുടെ ശിപാർശ പരിഗണിച്ച് പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡുനിർമ്മിക്കുന്നതിന് കോളനിയിൽ നിന്നും പ്രധാന റോഡിലേക്ക് റോഡുനിർമ്മിക്കുന്ന തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ഇപ്പോൾ റോഡ് നിർമ്മിച്ചുവരുന്നത്.

(ii) (11-8-2015-ലെ 18970/സി2/15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി കോളനികളിലേക്കുള്ള റോഡ് നിർമ്മാണത്തിനുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 16)

കീരപ്പടി-മൂലക്കട റോഡിന്റെ കേരളത്തിലുള്ള 8 കി.മീ. റോഡ് മെയിന്റനൻസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(4-7-2014-ലെ 5565/ഡി1/2013/വനം നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശിപാർശയിലുള്ളത് കീരപ്പടി-മുതലക്കുടി റോഡാണ്. ടൈഗർ റിസർവ് ഏരിയായിൽപ്പെടുന്ന കീരപ്പടി-തേക്കടി റോഡ് മെയിന്റനൻസ് ചെയ്യുവാൻ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മെയിന്റനൻസ് നടത്തുന്നതാണ്.

(13-9-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15355/ഇ 1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കീരപ്പടി-മുതലക്കുടി റോഡിന്റെ ഗുണഭോക്താക്കൾ ഭൂരിഭാഗവും പട്ടികജാതി വിഭാഗക്കാരാണ്. പട്ടികവർഗ്ഗക്കാർ നാമമാത്രമായേയുള്ളൂ. ആയതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ടി റോഡിന്റെ പുനരുദ്ധാരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടില്ല.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 17)

പറമ്പിക്കുളം മേഖലയിലെ എല്ലാ കോളനികളിലും സോളാർ സിസ്റ്റം മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിന് പണം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15355/ഇ 1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പറമ്പിക്കുളം മേഖലയിലെ പൂപ്പാറ കോളനി ഒഴികെയുള്ള എല്ലാ കോളനികളിലും വൈദ്യുതി ലഭ്യമായിട്ടുണ്ട്. പൂപ്പാറ കോളനിയിൽ ബഹു. എം.പി.യുടെ ഫണ്ടിൽ നിന്നും സോളാർ വിളക്കുകൾ സ്ഥാപിച്ചിരുന്നെങ്കിലും ആയത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ടി വിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) ഊർജ്ജ വകുപ്പിന്റെ മറുപടി

(7-9-2015-ലെ 5341/പിഎസ്2/2013/ഊ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പറമ്പിക്കുളം മേഖലയിൽ ആകെ 10 ആദിവാസി കോളനികളാണുള്ളത്. അവയിൽ കാടാസ് കോളനി, എർത്ത് ഡാം കോളനി, അഞ്ചാം കോനി, സുങ്കം കോളനി എന്നിവയിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ടുപയോഗപ്പെടുത്തി TNEB-യുടെ നിലവിലുള്ള വൈദ്യുതി ലൈനിൽ നിന്നും പ്രസ്തുത കോളനികളിൽ വൈദ്യുതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കരിയാർകുറ്റി, ഒറവംപാടി, തേക്കടി അല്ലീമൂപ്പൻ, 30 ഏക്കർ, കച്ചിത്തോട് എന്നീ കോളനികളിൽ Grid connectivity സാധ്യമല്ലാത്തതിനാൽ RGGVY പദ്ധതിയിലുള്ള DDG (Decentralised Distributed Generation)-യിൽ ഉൾപ്പെടുത്തി സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും Voltech Engineers Pvt. Limited, Chennai എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ആയതിന്റെ Drawing Approval നടന്നുകൊണ്ടിരിക്കുകയുമാണ്. കൂടാതെ പൂപ്പാറ കോളനിയിൽ 2012-ൽ ശ്രീ. പി. കെ. ബിജു എം.പി.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 18 ലക്ഷം രൂപ ചെലവാക്കി സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവ ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പ്രവർത്തനക്ഷമമാകുന്നതിനുള്ള നടപടി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചുവരുന്നു.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 18)

ആശുപത്രി മാലിന്യങ്ങൾ കോളനികളിൽ തള്ളുന്നത് തടയുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18970/സി2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത് )

പട്ടികജാതി കോളനികളിൽ ആശുപത്രി മാലിന്യങ്ങൾ തള്ളുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർതലത്തിൽ പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പട്ടികജാതി കോളനികളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടികൾ

(i) (23-9-2015-ലെ 28807/ഡിസി1/2013/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുതലമട ഗ്രാമപഞ്ചായത്തിലെ ചുക്കംപതി, ഊർക്കുളംകാട് എന്ന പ്രദേശത്തുള്ള സ്വകാര്യവ്യക്തിയുടെ തോട്ടങ്ങളിൽ ആശുപത്രിമാലിന്യം തള്ളുന്നതു സംബന്ധിച്ച പരാതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥലം നേരിൽ പരിശോധിക്കുകയും മാലിന്യം നിക്ഷേപിച്ചിരിക്കുന്നതായി ബോധ്യപ്പെടുകയും ചെയ്തു. മാലിന്യം സമീപത്തുള്ള കുടിവെള്ള കിണറിനെ ബാധിക്കാത്ത രീതിയിൽ സ്ഥലം ഉടമയുടെ സ്ഥലത്തുതന്നെ നിർമ്മാർജ്ജനം ചെയ്യാൻ സ്ഥലമുടമ തയ്യാറായെങ്കിലും സമീപവാസികൾ ടി നിർദ്ദേശം നിരസിച്ചതിനാൽ മാലിന്യങ്ങൾ തീവെച്ച് നശിപ്പിക്കാമെന്ന് സ്ഥലമുടമ പഞ്ചായത്ത് അധികൃതരെ അറിയിച്ചു. ഇതു സംബന്ധിച്ച് മുതലമട ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും കൊല്ലങ്കോട് പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും സബ് ഇൻസ്പെക്ടർക്കും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർക്കും നടപടി എടുക്കാനായി അറിയിപ്പ് നൽകുകയും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള IMAGE എന്ന സ്ഥാപനത്തിൽ സ്ഥലമുടമതന്നെ മാലിന്യം എത്തിച്ചുവെന്നും സംസ്കരിക്കാവുന്ന മാലിന്യങ്ങൾ സ്ഥലമുടമ തന്നെ കുടിവെള്ള

കിണറിൽ നിന്നും വളരെ അകലെയായി കുഴി എടുത്തു സംസ്കരിച്ചുവെന്നും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥൻ പരിസരം പരിശോധിച്ച് മാലിന്യമെല്ലാം മാറ്റിയതായി ബോധ്യപ്പെട്ടുവെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

(12-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ii) (26-9-2015-ലെ 11902/ഡിസി1/2015/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുതലമട ഗ്രാമപഞ്ചായത്തിലെ ചുക്കംപതിയിൽ സ്വകാര്യവ്യക്തിയുടെ പറമ്പിൽ നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങൾ 2013 നവംബർ 15, 16, 17 എന്നീ തീയതികളിൽ സ്ഥലഉടമ തന്നെ നേരിട്ട് ജെ.സി.ബി. ഉപയോഗിച്ച് മണ്ണിളക്കി മാറ്റി, അവയിൽ നിന്നും ലഭിച്ച മാലിന്യങ്ങൾ ട്രാക്ടർ ഉപയോഗിച്ച് മാറ്റിയിട്ടുണ്ടായിരുന്നു.

ടി ദിവസങ്ങളിൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ഉദ്യോഗസ്ഥരും സ്ഥലത്തുണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിലായി കുഴിച്ചെടുത്തതിൽ സിറിഞ്ച്, ഗ്ലൗസ്, മരുന്നുകുപ്പികൾ, ഗ്ലൂക്കോസ് ബോട്ടിലുകൾ മുതലായ ആശുപത്രി മാലിന്യങ്ങൾ ലഭിച്ചത് പ്രത്യേകമായി മാറ്റിയിട്ട് ഭദ്രമായി ബന്തവസ്സായി, ചോർന്നുപോവാത്ത രീതിയിൽ കെട്ടി പാലക്കാട് ഇമേജ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ച് രസീത് വാങ്ങിച്ചിട്ടുണ്ടായിരുന്നു.

മറ്റ് മാലിന്യങ്ങൾ സ്ഥലത്തുണ്ടായിരുന്ന സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ നിർദ്ദേശിച്ചപ്രകാരം കിണറിൽ നിന്നും അകലെയായി കുഴിയെടുത്ത് സംസ്കരിച്ചിട്ടുണ്ട്.

മാലിന്യങ്ങൾ ഇട്ടിരിക്കുന്നതായി ബോധ്യപ്പെട്ട സ്ഥലങ്ങളിൽ നിന്നെല്ലാം ആയത് കുഴിച്ചെടുത്ത് നീക്കം ചെയ്യപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ പരിസരം പരിശോധിച്ച് കുഴിച്ചിടപ്പെട്ട മാലിന്യങ്ങളെല്ലാം മാറ്റപ്പെട്ടിരിക്കുന്ന തായി ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് മുതലമട പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം സമിതി മുൻപാകെ അറിയിക്കുന്നു.

(12-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 19)</u>

പാലക്കാട് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സമിതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(12-5-2014-ലെ 16718/സി1/2013/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പാലക്കാട് ജില്ലാ ഓഫീസിലെ അസിസ്റ്റന്റ്/അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ അനുവദനീയമായ 9 എണ്ണത്തിൽ 6 എണ്ണം ഡെപ്യൂട്ടേഷൻ മുഖേന നികത്തിയിട്ടുണ്ട്. ബാക്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ, കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

13-9-2014-ലെ സമിതിയോഗം, പ്രസ്തുത മറുപടി പരിഗണിക്കുകയും, പാലക്കാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ഒഴിവുള്ള തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തണമെന്ന സമിതിയുടെ ശിപാർശയിന്മേൽ ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തിയെന്ന സർക്കാർ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഒഴിവാക്കി പി.എസ്.സി. മുഖേന സ്ഥിരനിയമനങ്ങൾ നടത്തണമെന്നും, ആയതിന് കാലതാമസം നേരിടുകയാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

സമിതി നൽകിയ അധിക ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്

(11-5-2015-ലെ 24588/സി1/2014/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പാലക്കാട് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 3 ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 21)

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന രീതിയിലുള്ള ആനുകൂല്യം സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുകൂടി നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടികൾ</u>

(i) (11-8-2015-ലെ 15365/പി.എം./15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്വാശ്രയ സ്ഥാപനങ്ങളിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നിരക്കിൽ ഫീസ് ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നിലവിൽ നൽകി വരുന്നുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

(ii) (11-8-2015-ലെ 18494/എ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ഏത് വിധേന പ്രവേശനം ലഭിച്ചാലും 2.5 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും, 2.5 ലക്ഷത്തിന് മുകളിൽ 5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൻകീഴിൽ യഥാർത്ഥ ഫീസ് മാത്രവും അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 22)</u>

മോയൻസ് ഹയർ സെക്കന്ററി സ്കൂളിൽ ഇ-ഗ്രാന്റിനുള്ള ഫോം എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി</u>

(11-11-2014-ലെ 11819/യു3/2014/പൊ.വി. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഇ-ഗ്രാന്റിനുള്ള അപേക്ഷ ഓൺലൈൻ ആയാണ് നൽകേണ്ടതെന്നും അപേക്ഷകന് നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ ഇത് നിർവ്വഹിക്കാവുന്നതാണെന്നും ഇപ്രകാരം നൽകുന്ന അപേക്ഷയുടെ പ്രിന്റ് ബന്ധപ്പെട്ട രേഖകൾ സഹിതം സ്കൂളിൽ സമർപ്പിക്കേണ്ടതും ഈ രേഖകളുടെ പരിശോധനയും തിരുത്തലുകളും പ്രിൻസിപ്പൽ ഓൺലൈനിൽ തന്നെ നടത്തുകയും ഇപ്രകാരം പ്രിൻസിപ്പലിന്റെ പരിശോധന കഴിഞ്ഞവയിൽ അർഹതയുള്ളവരുടെ ഗ്രാന്റ് അപേക്ഷകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും നൽകുകയാണ് ചെയ്യുന്നതെന്നും ഹയർ സെക്കന്ററി സ്കൂളിൽ ഇ-ഗ്രാന്റിന് അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും അപേക്ഷകൾ കൃത്യസമയത്ത് സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ടി സ്കൂൾ പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്.

(21-1-2015-ലെ സമിതിയോഗം അംഗീകരിച്ചു)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടികൾ</u>

(i) (11-8-2015-ലെ 18494/എ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംസ്ഥാനത്ത് ഇ-ഗ്രാന്റ്സ് സംവിധാനപ്രകാരം നിലവിൽ അക്ഷയ കേന്ദ്രങ്ങൾവഴി സൗജന്യമായി ഓൺലൈൻ അപേക്ഷ അയയ്ക്കുവാൻ കഴിയുന്നതാണ്. അപേക്ഷ അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാണ്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

(ii) (11-8-2015-ലെ 15365/പി.എം./15/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

മോയൻസ് ഹയർ സെക്കന്ററി സ്കൂളിന് ആവശ്യത്തിന് അപേക്ഷാ ഫോറം എത്തിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നോ അക്ഷയ സെന്റർ മുഖേനയോ ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ഓൺലൈനായി അപേക്ഷ രജിസ്ററർ ചെയ്ത് ഹാർഡ് കോപ്പിയും ജില്ലാ ഓഫീസുകളിൽ ലഭ്യമാകുന്നമുറയ്ക്കാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതത് ജില്ലാ ഓഫീസർമാർ നൽകിയിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകുകയാണെങ്കിൽ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടോ വിദ്യാർത്ഥികൾ തന്നെയോ ഓഫീസുകളിലെത്തി പ്രശ്നങ്ങൾ പരിഹരിച്ചു വരുകയും ചെയ്യുന്നുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 24)</u>

വിദ്യാർത്ഥികൾക്കുള്ള സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതിനുവേണ്ടി പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥിനി സമർപ്പിച്ച അപേക്ഷയിന്മേൽ ഗ്രാന്റ് ലഭ്യമാക്കാനാവുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ എന്തൊക്കെയാണെന്ന് സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് വ്യക്തമായ ധാരണ ഇല്ലാത്തതാണ് ഗ്രാന്റ് ലഭ്യമാക്കാതെ വരുന്നതിന് കാരണമെന്ന് അഭിപ്രായപ്പെട്ട സമിതി എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സർക്കാരിന്റെ ഗ്രാന്റുകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിന് അദ്ധ്യയന വർഷത്തിന്റെ ആദ്യം തന്നെ സർക്കാർ സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് അവിടെപോയി ട്രെയിനിംഗ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടികൾ

(i) (11-8-2015-ലെ 18494/എ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ഏത് വിധേന പ്രവേശനം ലഭിച്ചാലും വാർഷിക വരുമാന പരിധി നിശ്ചയിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാർത്ഥ ഫീസ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഇത് അനുസരിച്ച് പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥിനിക്ക് ഉൾപ്പെടെ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാകുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് അലോട്ട് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് ഇ-ഗ്രാന്റ്സ് നിലവിൽ വന്നപ്പോൾ തന്നെ എല്ലാ സ്ഥാപനങ്ങൾക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം എല്ലാ സ്ഥാപനങ്ങളും കൃത്യസമയത്തുതന്നെ ഓണലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ സംശയങ്ങൾ വരുന്ന സ്ഥാപനങ്ങൾക്ക് അതത് ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖാന്തിരം സംശയനിവാരണത്തിനും, മറ്റ് സാങ്കേതിക പ്രശ്നങ്ങൾക്ക് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനും യഥാസമയം പ്രായോഗിക നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ആവശ്യമാണെങ്കിൽ സ്ഥാപനത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിലെ സ്റ്റാഫിനെ അയച്ച് കാര്യങ്ങൾ പരിശീലിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ii) (11-8-2015-ലെ 15365/പി.എം./15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മോയൻസ് ഹയർ സെക്കന്ററി സ്കൂളിന് ആവശ്യത്തിന് അപേക്ഷാ ഫോറം എത്തിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നോ അക്ഷയ സെന്റർ മുഖേനയോ ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ഓൺലൈനായി അപേക്ഷ രജിസ്ററർ ചെയ്ത് ഹാർഡ് കോപ്പിയും ജില്ലാ ഓഫീസുകളിൽ ലഭ്യമാകുന്നമുറയ്ക്കാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതത് ജില്ലാ ഓഫീസർമാർ നൽകിയിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകുകയാണെങ്കിൽ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടോ വിദ്യാർത്ഥികൾ തന്നെയോ ഓഫീസുകളിലെത്തി പ്രശ്നങ്ങൾ പരിഹരിച്ചു വരുകയും ചെയ്യുന്നുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 25)

കൊല്ലങ്കോട് പ്രീ മെട്രിക് ഹോസ്റ്റൽ (ബോയ്സ്) സന്ദർശിച്ച സമിതി കൊല്ലങ്കോട് പ്രീ മെട്രിക് ഹോസ്റ്റൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് 10 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും, പ്രസ്തുത സ്ഥലത്ത് എത്രയും വേഗം കെട്ടിടം പണിത് കുട്ടികളെ അങ്ങോട്ട് മാറ്റണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 25)

കൊല്ലങ്കോട് പ്രീ മെട്രിക് ഹോസ്റ്റലിന് കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(23-11-2015-ലെ 26359/ബി2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് ഒരു കോടി രൂപ ചെലവിൽ ഹോസ്റ്റൽ കെട്ടിടം പണി പുരോഗമിച്ച് വരുന്നു. 50% പണി പൂർത്തിയായിട്ടുണ്ട്.

(25-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 35)

രോഗത്തിന് ശാന്തി തേടി വരുന്നവർക്ക് രോഗത്തിന്റെ ഗൗരവമനുസരിച്ച് തുക നൽകണമെന്നും, ചികിത്സാ ധനസഹായം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും ധനസഹായത്തിനുവേണ്ടി നിരന്തരം നടത്തിക്കുന്ന രീതിയും ഒഴിവാക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, രോഗത്തിന്റെ ഗൗരവം അനുസരിച്ച് ചികിത്സയ്ക്ക് 25,000 രൂപ വരെ കൊടുക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നു. കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് ഒരു ആംബുലൻസ് കൂടി വാങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി</u>

(30-4-2014-ലെ 19935/ഇ 2/2013/ആ.കു.വ.നമ്പർ കത്ത് മുഖേന ലഭിച്ചത്)

കോട്ടാത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കെ.എൽ.01 എൻ.4945, കെ.എൽ.01 ബി.ഇ.7131 എന്നീ നമ്പരുകളിൽ രണ്ട് ആംബുലൻസുകൾ നിലവിലുണ്ട്. ഇതുകൂടാതെ എം.പി. ഫണ്ടിൽ നിന്നും ഒരു ആംബുലൻസ് കൂടി അനുവദിച്ചിട്ടുണ്ട്.

(13-9-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7-5-2015-ലെ 15338/ഡി1/13/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകി വരുന്ന ചികിത്സാ ധനസഹായം രോഗത്തിന്റെ തീവ്രത അനുസരിച്ചാണ് അനുവദിക്കുന്നത്. കാൻസർ, വൃക്ക, ഹൃദയ സംബന്ധമായ രോഗങ്ങളുടെ ചികിത്സയ്ക്ക് സമഗ്ര ചികിത്സാ പദ്ധതിക്ക് പുറമേ ബഹു. പട്ടികവർഗ്ഗവികസന മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക ധനസഹായം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന ആശുപത്രികളിലെ ചികിത്സയ്ക്കായി 50,000 രൂപ വരെയും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നിലവില്ലാത്ത ആശുപത്രിയിൽ ഒരു ലക്ഷം രൂപ വരെയും പട്ടികവർഗ്ഗ ക്ഷേമ വകുപ്പമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നു. കോട്ടാത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. കോട്ടാത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രണ്ട് ആംബുലൻസുകളുണ്ട്. കൂടാതെ, MP ഫണ്ടിൽ നിന്നും ഒരു ആംബുലൻസ് കൂടി അനുവദിച്ചിട്ടുണ്ട്.

(2-8-2015-ലെ യോഗം അംഗീകരിച്ചു)

<u>ശിപാർശ നമ്പർ 19 (ഖണ്ഡിക നമ്പർ 36)</u>

അട്ടപ്പാടിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹോസ്റ്റലുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15355/ഇ 1/13/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അട്ടപ്പാടിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് ഇപ്പോൾ സ്ഥലം ലഭ്യമല്ല. ആയതിനാൽ സ്ഥലം കണ്ടെത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2013-14, 2014-15 വർഷങ്ങളിലായി പട്ടികവർഗ്ഗവികസന വകുപ്പിന്റെ വിദ്യോദയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റപ്പണികൾ നടത്തുകയും ഫർണിച്ചർ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 20 (ഖണ്ഡിക നമ്പർ 36)

അട്ടപ്പാടിയിലെ ഗേൾസ് ഹോസ്റ്റലിൽ വാർഡനായി പുറത്തുള്ളവരെ നിയമിക്കാതെ അട്ടപ്പാടിയിലെ വിദ്യാഭ്യാസയോഗ്യതയുള്ള ആദിവാസികളെ നിയമിക്കുകയാണെങ്കിൽ കുട്ടികൾക്ക് ട്യൂഷൻ എടുക്കാൻ കഴിയുമെന്ന് വിലയിരുത്തിയ സമിതി പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ അട്ടപ്പാടിയിലെ വിദ്യാഭ്യാസമുള്ള ആദിവാസികളെ നിയമിക്കുന്നതിന് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15355/ഇ 1/13/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അട്ടപ്പാടിയിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 3 ഹോസ്റ്റലുകളിൽ സ്ഥിരം വാർഡൻമാരെ നിയമിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 13 ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളെ മാത്രം ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരല്ലാത്തവരെ ടി ഹോസ്റ്റലിൽ വാർഡനായി ദിവസേനവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. ഹോസ്റ്റൽ അന്തേവാസികൾക്ക് ട്യൂഷൻ നൽകുന്നതിന് പാർട്ട്-ടൈം ട്യൂട്ടർമാരെ നിയമിച്ചതിലും അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാരെയും പരിഗണിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 21 (ഖണ്ഡിക നമ്പർ 38)

റ്റി.എസ്.ഒ., ഡി.എസ്.ഒ. എന്നിവരുടെ നേതൃത്വത്തിൽ ഒരു സിറ്റിംഗ് നടത്തി, പാലക്കാട് ജില്ലയിലെ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ മറുപടി

(3-9-2015-ലെ ഭ.സി.സ.വ.ബി3/18/2015 നമ്പർ കത്ത് മുഖേന ലഭിച്ചത്)

പാലക്കാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി 6-8-2015-ന് പാലക്കാട് ജില്ലാ സപ്ലൈ ഓഫീസിൽ വച്ച് നടത്തിയ സിറ്റിംഗിൽ ആകെ 50 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്നതിനും ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിനും ബന്ധപ്പെട്ട താലൂക്കുകളിലേക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

ലഭിച്ച അപേക്ഷകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| നമ്പർ | | ലഭിച്ച അപേക്ഷ | അനുവദിച്ചത് | നിരസിച്ചത് |
|---|---|---|---|---|
| 1 | എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കുന്നതിന് | 41 | 17 | 24 |
| 2 | പുതിയ കാർഡ് ലഭിക്കുന്നതിന് | 6 | 2 | 4 |
| 3 | താൽക്കാലിക കാർഡ് സ്ഥിരപ്പെടുത്തുന്നതിന് | 1 | ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. | |
| 4 | കാർഡില്ലാത്ത ആദിവാസികൾക്ക് കാർഡ് നൽകുന്നതിന് | 1 | | |
| 5 | റേഷൻ വിഹിതം അർഹതപ്പെട്ട അളവിൽ ലഭിക്കുന്നില്ല എന്ന പരാതി | 1 | | |
| | ആകെ ലഭിച്ച അപേക്ഷകൾ | 50 | | |

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 22 (ഖണ്ഡിക നമ്പർ 43)

സമിതി പ്രസ്തുത ഹോസ്റ്റലിന്റെ കിഴക്കുവശത്ത് മതിൽ നിർമ്മിക്കുന്നതിനും ടോയ്‌ലെറ്റുകൾ വൃത്തിഹീനമായതിനാൽ ടൈൽസ് ഇടുന്നതിനും അടുക്കളയുടെ മുകൾവശത്തെ ഹോൾ അടയ്ക്കുന്നതിനും നിർദ്ദേശിക്കുന്നു. ഹോസ്റ്റലിന്റെ സമീപത്തായി

പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടക്കുന്നുവെന്നകാര്യം മനസ്സിലാക്കിയ സമിതി അഗളി പ്രീ മെട്രിക് ഹോസ്റ്റലിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 15355/ഇ 1/13/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അഗളി പ്രീ മെട്രിക് ഹോസ്റ്റലിലെ ടോയ്‌ലെറ്റുകൾ ടൈൽസ് പതിപ്പിച്ച് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഹോസ്റ്റൽ മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.